യോഹ. 20:1-18

**2023 ഏപ്രിൽ 9**

# വചനസന്ദേശം

**ഫാ. സുബിൻ കിടങ്ങേൻ**

## *കല്ലറകളെ അതിജീവിക്കാം*

ഫ്രാൻസിസ് മാർപാപ്പയുടെ വിഖ്യാതമായ ഗ്രന്ഥമാണ് 'നമുക്ക് സ്വപ്നം കാണാം: മെച്ചപ്പെട്ട ഭാവിയുടെ പാത' (Let Us Dream the Path to a Better Future). അതിൽ മാർപാപ്പ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു, ''പ്രതിസന്ധി കളിൽ തമ്പടിച്ചു കിടക്കാതെ അതിനെ അതിജീവിക്കുവാനുള്ള കരുത്ത് ദൈവ ത്തിൽനിന്നും ആർജിക്കണം.'' യേശുവിന്റെ കല്ലറ നമുക്ക് നൽകുന്ന സന്ദേശം അത് എക്കാലത്തേക്കും അടച്ചുപൂട്ടപ്പെട്ടതല്ല അതിനൊരു അതിജീവനത്തിന്റെ കരുത്തുണ്ട് എന്നാണ്. കുരിശ് മനുഷ്യജീവിതത്തിൽ സർവസാധാരണമാണ്. അവിടെ നമ്മളെടുക്കുന്ന തീരുമാനമാണ് നമ്മുടെ ഭാവിയെ മാറ്റിമറിക്കുന്നത്. അല്ലെങ്കിൽ കുരിശുകൾ നമ്മെ എക്കാലത്തേക്കും കല്ലറയ്ക്കകത്ത് അടയ്ക്കും. പുനരുദ്ധാനം ഉണ്ടാകണമെങ്കിൽ ദൈവാശ്രയബോധത്തോടെ പ്രതിസന്ധികളെ തരണം ചെയ്യാനാകണം.

നോമ്പുകാലവും അതിന്റെ പരിസമാപ്തിയിലുള്ള ഈസ്റ്ററും നമ്മെ എത്തിക്കുന്നത് പുതിയൊരു സ്വപ്നം നെയ്തെടുക്കുവാനുള്ള ദിശാബോധ ത്തിലേക്കാണ്. കൊറോണ ഏൽപ്പിച്ച കുരിശുകൾക്കപ്പുറത്ത് പുതിയൊരു ചൈതന്യത്തോടെ ലോകത്തെ നോക്കിക്കാണുവാൻ പ്രേരിപ്പിക്കുന്നതാണ് ഉത്ഥാനത്തോടനുബന്ധിച്ചുള്ള കല്ലറയുടെ സ്മരണകൾ. ഉത്ഥാനം നമുക്ക് സമ്മാനിക്കുന്ന വലിയൊരു ആശ്വാസം പ്രതിസന്ധികളെ ധീരതയോടെ തര ണം ചെയ്യുന്നതിനുള്ള കരുത്താണ്. ജോലി നഷ്ടമായതാകാം, നഷ്ടപ്പെട്ട ബന്ധങ്ങളാകാം, രോഗങ്ങളാകാം അങ്ങനെ നഷ്ടങ്ങളുടെ നീണ്ടനാളുകൾ നമുക്ക് ചുറ്റും കുരിശുകളായിട്ടുണ്ടെങ്കിലും അതിൽനിന്നും പാഠങ്ങൾ ഉൾക്കൊ ണ്ട് പുതിയൊരു അവബോധം രൂപീകരിക്കുവാൻ ഉത്ഥിതന്റെ സാന്നിധ്യം സഹായിക്കുന്നു. അമേരിക്കൻ പ്രസിഡന്റ് ജോബൈഡൻ പ്രസിഡന്റ് ആയ പ്പോൾ ഇറങ്ങിയ വിവരണങ്ങളിൽ അദ്ദേഹത്തിന്റെ പൂർവകാല ദുരിതങ്ങളുടെ നാൾവഴികളുണ്ടായിരുന്നു. പ്രിയപത്നിയും മക്കളും നഷ്ടമായതും തോൽവി കളെ നേരിടേണ്ടിവന്നതുമെല്ലാം അതിലുണ്ട്. നിശ്ചയദാർഢ്യവും ഉറച്ച ക്രൈ സ്തവവിശ്വാസവും പ്രതിസന്ധികളെ അതിജീവിക്കുവാൻ അദ്ദേഹത്തിന് കരു ത്തുപകർന്നു. പ്രതിസന്ധികൾ തളരാനുള്ളതല്ല, ദൈവത്തിന്റെ കരംപിടിച്ച് അതിജീവിക്കാനുള്ളതാണെന്ന് അദ്ദേഹത്തിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

നമ്മൾ നെയ്തുകൂട്ടുന്ന വലിയ പ്രതീക്ഷകൾ തകർന്നടിയുവാൻ അധി കം നാളുകൾ വേണമെന്നില്ല. ഏത് പ്രതികൂലസാഹചര്യങ്ങൾക്കുള്ളിൽനിന്നും കൂടുതൽ കരുത്തോടെ പറന്നുയരുവാൻ ദൈവാശ്രയബോധമുള്ള വ്യക്തിക്ക് കഴിയുമെന്ന് ഉത്ഥാനം നമ്മെ പഠിപ്പിക്കുന്നു. പഴയനിയമത്തിലെ പൂർവപിതാ വായ ജോസഫിന്റെ ജീവിതം ഉദാഹരണമാണ്. ഉത്ഥാനാവബോധം സൃഷ്ടി ക്കുവാൻ പഴയനിയമത്തിൽ ജോസഫിനോളം ശ്രേഷ്ഠമായ മറ്റൊരു വ്യക്തി ത്വമില്ല. പൊട്ടക്കിണറ്റിൽനിന്നും ഫറവോയുടെ കൊട്ടാരത്തിലേക്കും അവിടെ നിന്നും സ്വഭവനത്തിലേക്കും നയിക്കപ്പെട്ടതിന് പിന്നിൽ ദൈവകാരുണ്യത്തിന്റെ അനന്തസാധ്യതകളാണുള്ളത്. അത് തിരിച്ചറിഞ്ഞ ഫറവോയ്ക്കും അനുചര ന്മാർക്കും തോന്നി, 'ദൈവത്തിന്റെ ആത്മാവ് കുടികൊള്ളുന്ന ഇവനെപ്പോലെ മറ്റൊരു മനുഷ്യനെ കണ്ടെത്താൻ നമുക്കു കഴിയുമോ?' (ഉൽപ. 41:38). പ്രതി സന്ധികളിൽ ദൈവാത്മാവിന്റെ പ്രചോദനം ഉൾക്കൊള്ളുന്നവർക്ക് പരാജയ ഭീതി ഉണ്ടാകുന്നില്ല. അവർ ശുഭാപ്തി വിശ്വാസികളായിരിക്കും. ഇന്നലെകളെ ക്കുറിച്ചുള്ള നൊമ്പരങ്ങളല്ല അവരെ വഴിനടത്തുന്നത്, നാളെയുടെ സ്വപ്ന ങ്ങളാണ്.

മനുഷ്യന്റെ വേദനയ്ക്കപ്പുറത്ത് പുതിയൊരു സൗഭാഗ്യം കാത്തിരിപ്പുണ്ട് എന്ന് തിരിച്ചറിയുന്നിടത്താണ് ശൂന്യമായ കല്ലറയ്ക്കും പുനരുത്ഥാനത്തിനും പ്രസക്തിയുണ്ടാകുന്നത്. റെയിൻബോ ഓഫ് സോറോ എന്ന ഗ്രന്ഥത്തിൽ ഫുൾട്ടൻ ജെ. ഷീൻ പറയുകയാണ്, 'വേദനയേക്കാൾ ദുഃസഹം അതിന്റെ അർത്ഥം ഗ്രഹിക്കുവാൻ കഴിയാതെ വരുന്ന അവസ്ഥയാണ്.' വേദനയ്ക്ക് നമ്മുടെ ആത്മാവിനെ ജീവനിലേക്ക് നയിക്കുവാൻ കഴിയുമെന്നും അതാണ് ഒരു കള്ളനെ രക്ഷപ്പെടുത്തിയതെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു. യേശുവിന്റെ കൂടെ നടന്നവർക്ക് അവിടുത്തെ മരണശേഷം തിരിച്ചറിയുവാൻ കഴിഞ്ഞത് ശൂന്യമായ കല്ലറയായിരുന്നുവെങ്കിൽ നല്ല കള്ളനെ

സംബന്ധിച്ച് നീ സത്യമായും ദൈവപുത്രനാണെന്ന തിരിച്ചറിവാണ്. അതാണ് അവനെ വലതു ഭാഗത്തുള്ള സ്ഥാനത്തിന് അർഹനാക്കിയത് (മത്താ. 27:42–44). നിരാശയുടെ മുൾമുനയിൽനിന്ന് അവർക്ക് പ്രത്യാശയുടെ അനുഭവം പകർന്നത് ഈ ഉത്ഥി തസാന്നിധ്യമായിരുന്നു. പുതിയ സ്വപ്നങ്ങൾ കാണുവാൻ അത് പ്രചോദന മേകി. അന്നുവരെ കാണാത്ത വഴികളിലൂടെ നടക്കുവാൻ സഹായിച്ചു. വി. തോമസ് അകെംപീസിന്റെയും ലീമായിലെ വി. റോസിന്റെയും വാക്കുകൾ ഇവിടെ പ്രസക്തമാണ്. 'നിങ്ങൾ നിങ്ങളുടെ കുരിശ് സന്തോഷപൂർവം വഹിച്ചാൽ അത് നിങ്ങളെ വഹിച്ചുകൊള്ളും' എന്ന തോമസ് അകെംപീസിന്റെ വാക്കുകളും 'നമുക്ക് സ്വർഗത്തിലേക്ക് കയറാൻ കുരിശല്ലാതെ മറ്റൊരു കോവ ണിയില്ലാ'യെന്ന ലീമായിലെ വി. റോസിന്റെ വാക്കുകളും നമ്മുടെ ഉത്ഥാനാനു ഭവത്തിന് കരുത്തുപകരും.

ശൂന്യതയ്ക്കപ്പുറത്ത് പ്രത്യാശയുടെ സ്വപ്നങ്ങളുണ്ടെന്ന തിരിച്ചറിവാണ് ഉത്ഥാനം നൽകുന്നത്. കല്ലറ തേടിയിറങ്ങിയവർക്ക് ശൂന്യതയാണ് കണ്ടുമുട്ടു വാൻ കഴിഞ്ഞതെങ്കിൽ കല്ലറയ്ക്കരികിൽനിന്നും കേട്ട ശബ്ദം റബോനി എന്ന് പ്രത്യുത്തരം നൽകുവാൻ മഗ്ദലനാമറിയത്തെ പ്രേരിപ്പിച്ചു. പ്രത്യാശ നഷ്ടപ്പെട്ട ശൂന്യമായ കല്ലറയ്ക്കരികിലും പ്രത്യാശ നൽകുന്ന ഉത്ഥിതസാന്നിധ്യ മുണ്ടെന്നും പുതിയ സ്വപ്നങ്ങളിലേക്ക് തിരിച്ചു പറക്കണമെന്നും ഏവരേയും ഉത്ഥിതൻ ഓർമ്മപ്പെടുത്തി. ശൂന്യമായ കല്ലറപോലെ മരവിച്ച മനസ്സുമായി പഴയ വള്ളവും വലയും തേടിപ്പോയ ശിഷ്യർക്ക് 'വന്ന് പ്രാതൽ കഴിക്കുവിൻ' എന്ന ആഹ്വാനം അതു കർത്താവാണെന്ന് (യോഹ. 21:12) തിരിച്ചറിയുവാൻ സഹായിച്ചു. കോവിഡ് നമ്മുടെ പലരുടെയും സ്വപ്നങ്ങൾക്ക് ക്ഷതമേൽപ്പിച്ചിട്ടു ണ്ടാകാം. വീണ്ടും പഴയ വഴികളിലേക്ക് പിന്തിരിയുവാൻ പ്രേരിപ്പിച്ചിട്ടുണ്ടാകാം. നിരാശയുടെ സ്പന്ദനങ്ങൾ നമ്മുടെ കർണ്ണപുടങ്ങളിൽ അലയടിച്ചിട്ടുണ്ടാകാം. എന്നാലും പ്രത്യാശയോടെ വ്യാപരിക്കാം. ശൂന്യമായ കല്ലറയിലും കൈവിട്ടു പോയ കടൽത്തീരങ്ങളിലും പുത്തൻ സ്വപ്നങ്ങളും പ്രത്യാശയും പകർന്നു നൽകിയ ദൈവം നമ്മുടെ ജീവിതത്തെ കൈവിടില്ല. നാം വെട്ടുന്ന വഴികളിലൂടെ സഞ്ചരിക്കാനല്ല, ദൈവം തെളിയിക്കുന്ന വഴികളിലൂടെ നടക്കുവാനാണ് നാം തയ്യാറാകേണ്ടത്. അവിടെ പുത്തൻ സ്വപ്നങ്ങൾ വിരിയിക്കുവാൻ ഉത്ഥിതൻ സഹായിക്കും. നഷ്ടമായ പൂർവ്വകാലങ്ങളെക്കുറിച്ചുള്ള വ്യഥകളല്ല നമ്മെ നയിക്കേണ്ടത് പുതിയ ദിനത്തിന്റെ സ്വപ്നങ്ങളാണ് ജീവിക്കാൻ പ്രേരിപ്പിക്കേ ണ്ടത്. ജോലി നഷ്ടമായവരും കുടുംബബന്ധങ്ങൾ തകർന്നവരും രോഗങ്ങൾ മൂലം ജീവിതത്തിൽ ഇനി രക്ഷയില്ല എന്നു ചിന്തിക്കുന്നവർക്കും പല പ്രാവശ്യം തോറ്റവർക്കും പുതിയൊരു ഉണർവ്വ് പകരുവാൻ ഈ ഉത്ഥാന സ്മരണകൾ പകരുന്ന ഈസ്റ്റർ ദിനം സഹായകമാകട്ടെ. നമുക്ക് പ്രത്യാശയുള്ളവരാകാം.

എ